തിരുവനന്തപുരം ജില്ലയിലുള്ള പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലെ ഡോക്ടർമാരുടെ ഒഴിവുകൾ

150 (1619) ശ്രീ. എം. എ. വാഹിദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിലുള്ള പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിൽ നിലവിൽ എത്ര ഡോക്ടർമാരുടെ തസ്തികകൾ ഒഴിഞ്ഞുകിടപ്പുണ്ട് ;

(ബി) ഇങ്ങനെ തസ്തികൾ ഒഴിഞ്ഞുകിടക്കാൻ ഉണ്ടായ സാഹചര്യം എന്തെന്ന് വിശദീകരിക്കാമോ ;

(സി) ഇത്തരം ഒഴിവുള്ള തസ്തികകൾ നികത്തുന്നതിന് പി.എസ്.സി. ലിസ്റ്റ് നിലവിലുണ്ടോ ;

(ഡി) ഇല്ലെങ്കിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന പുതിയ ഡോക്ടർമാരെ നിയമിക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) ഡോക്ടർമാരുടെ 8 തസ്തികകൾ ഒഴിഞ്ഞുകിടപ്പുണ്ട്.

(ബി) ഡോക്ടർമാർ സർവ്വീസിൽനിന്നും വിരമിച്ചതിനാലാണ് ഒഴിവ് വന്നത്.

(സി)&(ഡി) ഈ തസ്തികകൾ സിവിൽ സർജൻ കേഡറിലുള്ളതാണ്. അസിസ്റ്റന്റ് സർജൻമാരുടെ പ്രൊമോഷനിലൂടെയാണ് ഇവ നികത്തുന്നത്. സിവിൽ സർജൻ തസ്തികയിലേയ്ക്ക് നിയമനത്തിനുള്ള സെലക്ട് ലിസ്റ്റ് ഇപ്പോൾ തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് സർജൻമാരുടെ പ്രൊമോഷൻ മുഖേന ഈ തസ്തികകളിലെ ഒഴിവുകളിൽ നിയമനം നടത്തുന്നതിന് അടിയന്തിര നടപടികൾ സ്വീകരിച്ചുവരുന്നു.

കൊരട്ടി ലെപ്രസി ആശുപത്രിയുടെ ശോച്യാവസ്ഥ

151 (1620) പ്രൊഫ. സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊരട്ടിയിലെ ലെപ്രസി ആശുപത്രിയുടെ ശോച്യാവസ്ഥ പരിഹരിക്കാൻ കഴിഞ്ഞ രണ്ടു വർഷങ്ങൾക്കുള്ളിൽ സർക്കാർ കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ ;

(ബി) പ്രസ്തുത ആശുപത്രിയിലെ ഹോസ്പിറ്റൽ ഡവലപ്മെന്റ് കമ്മിറ്റി കഴിഞ്ഞ രണ്ടു വർഷങ്ങൾക്കുള്ളിൽ എത്ര പ്രാവശ്യം യോഗം ചേർന്നിട്ടുണ്ട് എന്നും അവ എന്നൊക്കെയായിരുന്നുവെന്നും അറിയിക്കുമോ ;

(സി) നിശ്ചിത കാലയളവിനുള്ളിൽ എച്ച്.ഡി.സി. യോഗം ചേർന്നിട്ടില്ലെങ്കിൽ ആയതിന്റെ കാരണങ്ങൾ വിശദീകരിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പ്രസ്തുത ആശുപത്രിയുടെ ശോച്യാവസ്ഥ പരിഹരിക്കാൻ സർക്കാർ സമീപഭാവിയിൽ കൈക്കൊള്ളാൻ പോകുന്ന അടിയന്തിര നടപടികൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) 2002-ൽ രണ്ടു വാർഡുകളുടെയും 2003-ൽ മറ്റു രണ്ടു വാർഡുകളുടെയും അറ്റകുറ്റപ്പണികൾ പൊതുമരാമത്ത് വകുപ്പിനെക്കൊണ്ട് ചെയ്യിച്ചിട്ടുണ്ട്.

(ബി) വർഷത്തിൽ ഒരു പ്രാവശ്യം എന്ന കണക്കിൽ കമ്മിറ്റി യോഗം ചേർന്നിട്ടുണ്ട്. 8-11-2001, 31-5-2002 എന്നീ തീയതികളിലാണ് യോഗം ചേർന്നിട്ടുള്ളത്.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് വേണ്ട നടപടികൾ ഘട്ടംഘട്ടമായി നടത്താൻ ആലോചിച്ചുവരുന്നു.

നാദാപുരം നിയോജകമണ്ഡലത്തിൽ ആയുർവേദ, ഹോമിയോ സെന്ററുകൾ ആരംഭിക്കുന്നതിന് നടപടി

152 (1621) ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാദാപുരം നിയോജകമണ്ഡലത്തിൽ ഏതെല്ലാം പഞ്ചായത്തുകളിലാണ് ആയുർവേദ, ഹോമിയോ സെന്ററുകൾ ഇല്ലാത്തതെന്ന് വ്യക്തമാക്കാമോ ;

(ബി) ഹോമിയോ, ആയുർവേദ സെന്ററുകൾ ഇല്ലാത്ത ഏതെല്ലാം പഞ്ചായത്തുകളുടെ അപേക്ഷകൾ സർക്കാരിന്റെ പരിഗണനയിലുണ്ട് ;

(സി) പ്രസ്തുത പഞ്ചായത്തുകളിൽ അവ അടിയന്തിരമായി ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ;

(ഡി) നാദാപുരം മണ്ഡലത്തിലുള്ള ഹോമിയോ ആയുർവേദ സെന്ററുകളിൽ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്നവ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) നാദാപുരം നിയോജകമണ്ഡലത്തിൽ ചെക്യാട്, തൂണേരി, കായക്കൊടി, കുറ്റ്യാടി, മരുതോങ്കര, വേളം പഞ്ചായത്തുകളിൽ ഹോമിയോ സ്ഥാപനങ്ങളും നാദാപുരം, ചെക്യാട്, വളയം, വാണിമേൽ, കാവിലുംപാറ എന്നീ പഞ്ചായത്തുകളിൽ ആയുർവേദ സ്ഥാപനങ്ങളും നിലവിലില്ല.

(ബി)&(സി) നാദാപുരം നിയോജകമണ്ഡലത്തിൽ കായക്കൊടി, വേളം, മരുതോങ്കര, ഊളച്ചൽ എന്നിവിടങ്ങളിൽ ഹോമിയോ ഡിസ്പെൻസറികളും ആയുർവേദ ഡിസ്പെൻസറികളില്ലാത്ത അഞ്ച് പഞ്ചായത്തുകളിലും ആയുർവേദ ഡിസ്പെൻസറികളും തുടങ്ങുന്നതിന് അപേക്ഷ ലഭിച്ചിട്ടുണ്ട്. സർക്കാരിന്റെ സാമ്പത്തികനില മെച്ചപ്പെടുന്ന മുറയ്ക്ക് ഇവ ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly